**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5492** **15-03-2023 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള സർവീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് കാലത്ത് മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും എത്ര സർവീസുകൾ നിർത്തലാക്കി എന്നുള്ള വിവരം ലഭ്യമാക്കുമോ; | (എ) | കോവിഡ് മഹാമാരി കാലത്ത് മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 17 സർവ്വീസുകൾ നിന്നുപോയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര ബസ് സർവീസുകൾ പുനരാരംഭിച്ചുവെന്നും പുനരാരംഭിക്കാനുള്ളവ എത്രയെന്നും അവ ഏതൊക്കെയെന്നും വിശദമാക്കുമോ; | (ബി) | ഇതിൽ 11 സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്.<br><br>05.00 ഗുരുവായൂർ,<br><br>05.20 കോട്ടയം,<br><br>06.50 തുറയിൽക്കടവ്,<br><br>06.00 ആലപ്പുഴ,<br><br>06.00 ചങ്ങനാശ്ശേരി,<br><br>07.30 കായംകുളം<br><br>എന്നീ 6 സർവ്വീസുകൾ പുനരാരംഭിക്കാനുണ്ട്. |
| (സി) | പ്രസ്തുത ബസ് സർവീസുകൾ നിർത്തലാക്കിയതിലൂടെ പൊതുജനങ്ങൾക്കുണ്ടായ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | നിന്നുപോയ സർവ്വീസുകളിലെ ജനോപകാരപ്രദമായ പ്രധാന ട്രിപ്പുകൾ കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ നിലവിലുള്ള സർവ്വീസുകളിൽ ക്രമീകരിച്ചിട്ടുണ്ട്. |
| (ഡി) | നിർത്തിവച്ച ബസ് സർവീസുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നിന്നുപോയ സർവ്വീസുകൾ / ട്രിപ്പുകൾ ജനോപകാര പ്രദമായി ആരംഭിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും മറ്റും സഹകരണം ആവശ്യമാണ്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കി ഗ്രാമവണ്ടി പദ്ധതിയിൽ നഷ്ടത്തിലോടുന്ന ട്രിപ്പുകൾ ഉൾപ്പെടുത്തി സർവ്വീസ് ആരംഭിക്കുന്നതിന് കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ